LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ ഭവശ്രീ പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ സഹകരണ ബാങ്കുകൾ വിതരണം ചെയ്ത വായ്പയുടെ വിവരങ്ങൾ താഴെപ്പറയുന്നു :

കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക്	... 27925000
ചേളന്നൂർ സർവ്വീസ് സഹകരണ ബാങ്ക്	... 1040000
താമരശ്ശേരി സർവ്വീസ് സഹകരണ ബാങ്ക്	... 2346556
മേപ്പയൂർ സർവ്വീസ് സഹകരണ ബാങ്ക്	... 200000
ചക്കിട്ടപ്പാറ സർവ്വീസ് സഹകരണ ബാങ്ക്	... 750000
മന്ദരത്തൂർ സഹകരണ റൂറൽ ബാങ്ക്	...1250000
കാവിലുംപാറ സർവ്വീസ് സഹകരണ ബാങ്ക്	... 549731
ഏറാമല സർവ്വീസ് സഹകരണ ബാങ്ക്	... 1665000
എടച്ചേരി സർവ്വീസ് സഹകരണ ബാങ്ക്	... 280000
ആകെ	... 36006287

(ബി) സംസ്ഥാന സർക്കാർ ഭവനശ്രീവായ്പ എഴുതി തള്ളിയ ശേഷം ഈ ബാങ്കുകൾക്ക് ഈ ഇനത്തിൽ ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

(സി) പലിശ ഉൾപ്പെടെ മേൽവായ്പകളിൽ ആകെ 2,65,56,466 രൂപ ലഭിക്കാനുണ്ട്.

(ഡി) സഹകരണ മേഖലയിൽനിന്നും വിതരണം ചെയ്ത ഭവനശ്രീ വായ്പകളുടെ ബാധ്യത സർക്കാർ ഏറ്റെടുത്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക ലഭ്യമാക്കുന്നതിന് ബാങ്കുകൾ കുടുംബശ്രീ ജില്ലാ മിഷനുമായി ധാരണാ പത്രം ഒപ്പുവച്ചിട്ടുണ്ട്.

വിലക്കയറ്റം തടയുന്നതിനുള്ള നടപടികൾ

91 (436) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമാർക്കറ്റിലെ അനിയന്ത്രിത വിലക്കയറ്റം തടയുന്നതിനായി സഹകരണമേഖല മുഖേന സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്കും മായം കലർത്താതെയും ഉപഭോക്താവിന് ലഭിക്കുന്നതിനായി കൺസ്യൂമർഫെഡ് ഏതെല്ലാം തരത്തിലുള്ള സ്റ്റോറുകൾ നടത്തിവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് എത്ര നന്മസ്റ്റോറുകൾ ആരംഭിക്കുന്നതിനായിരുന്നു നടപടികൾ തുടങ്ങിയത് ; ആയത് പ്രവർത്തനം തുടങ്ങിയോ ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പൂക്കോട്ടുകാവിൽ അനുവദിക്കപ്പെട്ട നന്മസ്റ്റോറിന്റെ പ്രവർത്തനം തുടങ്ങിയോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ; പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പൊതുമാർക്കറ്റിലെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനായി പൊതു വിപണിയിൽനിന്നും 20% വരെ വിലകുറച്ച് നന്മ സ്റ്റോറുകളിലൂടെയും വിലവർദ്ധനവിന് കൂടുതൽ സാദ്ധ്യതയുള്ള ഉത്സവകാലങ്ങളിൽ കൺസ്യൂമർ മേഖലയിലെ അപ്പെക്സ് സ്ഥാപനമായ കൺസ്യൂമർ ഫെഡിന്റെ സഹകരണത്തോടെ നടത്തുന്ന സബ്സിഡി വിപണന മേളകളിലൂടെയും അവശ്യസാധനങ്ങൾ വിപണം നടത്തുന്നതിന് സഹകരണ വകപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഗുണമേന്മയുള്ള നിത്യോപയോഗ സാധനങ്ങൾ സാധാരണക്കാർക്ക് വിലകുറച്ച് ലഭ്യമാക്കുന്നതിലേയ്ക്കായി സംസ്ഥാനത്തൊട്ടാകെ നന്മസ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. ഇവയിലൂടെ വർഷം മുഴുവൻ കുറഞ്ഞ നിരക്കിൽ (പൊതുവിപണിയിൽ നിന്നും 20 ശതമാനത്തോളം) സാധനങ്ങൾ ലഭ്യമാക്കിവരുന്നു. കൂടാതെ ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള സാധനങ്ങൾ ത്രിവേണി സ്റ്റോറുകൾ, സഞ്ചരിക്കുന്ന ത്രിവേണികൾ, ഒഴുകുന്ന ത്രിവേണികൾ എന്നിവയിലൂടെ സാധാരണക്കാർക്ക് ലഭ്യമാക്കിവരുന്നു.

(സി) സംസ്ഥാന കൺസ്യൂമർ ഫെഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 869 നന്മ സ്റ്റോറുകളും സഹകരണ സംഘങ്ങൾ മുഖാന്തിരം 1311 നന്മസ്റ്റോറുകളും ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുകയും അപ്രകാരം ടി 2180 നന്മസ്റ്റോറുകൾ ആരംഭിക്കുകയും ചെയ്തിരുന്നു. ഇവയിൽ കൺസ്യൂമർ ഫെഡറേഷൻ നേരിട്ട് നടത്തുന്ന 806 സ്റ്റോറുകളും സഹകരണ സംഘങ്ങൾ മുഖാന്തിരം പ്രവർത്തിപ്പിക്കുന്ന 751 സ്റ്റോറുകളും ഉൾപ്പെടെ 1557 നന്മസ്റ്റോറുകളാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഒറ്റപ്പാലം മണ്ഡലത്തിലെ പൂക്കോട്ടുകാവിൽ അനുവദിക്കപ്പെട്ട നന്മ സ്റ്റോറിന്റെ പ്രവർത്തനം തുടങ്ങിയിട്ടില്ല. 2012 ജൂലൈ 9-ന് പ്രസ്തുത സ്റ്റോറിന്റെ ഉദ്ഘാടനം നടത്തുന്ന തീയതിക്കു തൊട്ടുമുമ്പായി പ്രാദേശികമായ ചില ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകുകയും തുടർന്ന് നിർദ്ദിഷ്ട തീയതിയിൽ നന്മ സ്റ്റോറിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കാത്ത സാഹചര്യം സംജാതമാകുകയും ചെയ്തിരുന്നു. തൽസ്ഥിതി തുടർന്നതിനാൽ സ്റ്റോർ ആരംഭിക്കുന്നതിന് സജ്ജീകരിച്ച സംവിധാനങ്ങൾ ഉപയോഗ ശൂന്യമായി. നന്മസ്റ്റോറുകളുടെ പ്രവർത്തനം ഫെഡറേഷന് വന്പിച്ച നഷ്ടം വരുത്തിവച്ച സാഹചര്യത്തിൽ നിലവിലുള്ള സാമ്പത്തിക മാന്ദ്യം പരിഗണിച്ച് പുതിയതായി നന്മസ്റ്റോറുകൾ ആരംഭിക്കേണ്ടതില്ല എന്ന കൺസ്യൂമർഫെഡ് തീരുമാനം നിലവിലുള്ളതിനാൽ പൂക്കോട്ടുകാവിൽ നന്മ സ്റ്റോർ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ജൈവപച്ചക്കറി ഉത്പാദനം

92 (437) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുവർണ്ണകൈരളി പദ്ധതിയനുസരിച്ച് ജൈവപച്ചക്കറി ഉത്പാദനത്തിനായി മുന്നോട്ടുവന്നിട്ടുള്ള സഹകരണ സംഘങ്ങളെത്രയെന്ന് വിശദമാക്കാമോ ;

(ബി) ആലില പദ്ധതി നടപ്പ് വർഷവും തുടരുന്നുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) സുവർണ്ണകേരളം പദ്ധതി അനുസരിച്ച് ജൈവപച്ചക്കറി ഉത്പാദനത്തിനായി 598 സഹകരണ സംഘങ്ങൾ മുന്നോട്ട് വന്നിട്ടുണ്ട്.

(ബി) 2014 ഒക്ടോബറിൽ ആരംഭിച്ച ആലില പദ്ധതി 2015 മാർച്ച് 31 വരെ തുടരുകയുണ്ടായി. പദ്ധതിയുടെ കാലാവധി മഴക്കാലത്തേയ്ക്കുകൂടി ദീർഘിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്നുള്ള സഹകാരികളുടെ അപേക്ഷ പരിഗണിച്ച് പദ്ധതിയുടെ കാലയളവ് 2015 സെപ്റ്റംബർ 30 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

വില പിടിച്ചുനിർത്തുന്നതിനായി സഹകരണവകുപ്പ് നടത്തുന്ന ഇടപെടലുകൾ

93 (438) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly